പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2415 19.03.2015 - ൽ മറുപടിയ്ക്ക്

**തൃശ്ശൂർ മെഡിക്കൽ കോളേജ് - ഡെന്റൽ കോളേജ്**

| **ചോദ്യം**<br>പ്രൊഫ. സി. രവീന്ദ്രനാഥ് : | **മറുപടി**<br>**ശ്രീ. വി. എസ്. ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
|---|---|
| (എ) തൃശ്ശൂർ മെഡിക്കൽ കോളേജ് കോമ്പൗണ്ടിൽ പുതിയ ഡെന്റൽ കോളേജ് എന്ന് ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ ;<br>(ബി) ഈ വർഷം അദ്ധ്യയനം ആരംഭിക്കാൻ കഴിയുമോ എന്ന് വിശദമാക്കാമോ? | തൃശ്ശൂർ മെഡിക്കൽ കോളേജിനോടനുബന്ധിച്ച് തുടങ്ങാൻ ഉദ്ദേശിക്കുന്ന പുതിയ സർക്കാർ ഡന്റൽ കോളേജിനുവേണ്ടി 2014 സെപ്റ്റംബർ മാസത്തിൽ കേന്ദ്ര സർക്കാരിന് അപേക്ഷ നൽകുകയും ആയത് ഇന്ത്യൻ ഡെന്റൽ കൗൺസിലിന്റെ പരിഗണനയിലുമാണ്.<br>ടി സ്ഥാപനത്തിന് കേരള ആരോഗ്യ സർവ്വകലാശാലയുടെ അഫിലിയേഷൻ ലഭിച്ചിട്ടുണ്ട്. കോളേജിലേക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുകയും കെട്ടിടത്തിന്റെ അറ്റകുറ്റപണികൾ നടത്തിവരികയുമാണ്. ഡെന്റൽ കോളേജിനുവേണ്ടിയുള്ള പുതിയ തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു. കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത സ്ഥാപനം ഈ അദ്ധ്യയനവർഷം തുടങ്ങുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ